G.O.(Ms)No.2/2019/F&P

**കേരള സർക്കാർ**

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - സംസ്ഥാന ഫിഷറീസ് നയം രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ (കൈ) നം. /2019/മ.തു.വ തിരുവനന്തപുരം, തീയതി.

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 07.07.2018 -ലെ കെ1/10985/2016 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാന മത്സ്യമേഖലയിൽ കടലിലേയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കി മത്സ്യോല്പാദനം വർദ്ധിപ്പിക്കുക, മത്സ്യകൃഷിയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്യ വർദ്ധനവ് നടത്തി വിളവിന് പരമാവധി വില ലഭ്യമാക്കുക, മത്സ്യകർഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുക, സാമൂഹ്യ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തി മത്സ്യത്തൊഴിലാളികളുടെ ശരാശരി ആളോഹരി വരുമാനം പൊതു സമൂഹത്തിന്റെ ആളോഹരി വരുമാനത്തിന് തുല്യമായി ഉയർത്തിക്കൊണ്ടു വരിക എന്നീ ദൗത്യങ്ങൾ നിറവേറ്റുന്നതിനായി, സംസ്ഥാന ഫിഷറീസ് നയം രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം കരട് 'സംസ്ഥാന ഫിഷറീസ് നയം' സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 'സംസ്ഥാന ഫിഷറീസ് നയം' രൂപീകരിച്ച് ഉത്തരവാകുകയും ചെയ്യുന്നു. അംഗീകരിച്ച സംസ്ഥാന ഫിഷറീസ് നയം അനുബന്ധമായി ചേർത്തിരിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻപ്രകാരം**

11/1/19

11.01.2019

11/1/2019

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ. 2750 തീയതി 10.01.2019)
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു. ഫിഷറീസ് മന്ത്രിയുടെ പി.എസ്

11/1/19

11/1/19

കേരള സർക്കാർ

# സംസ്ഥാന ഫിഷറീസ് നയം

2019

## ആമുഖം

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ മത്സ്യമേഖല പ്രധാന പങ്ക് വഹിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും വൈവിധ്യമാർന്ന ജലസ്രോതസ്സുകൾ കൊണ്ടും അനുഗ്രഹീതമാണ്. 590 കി.മീ. ദൈർഘ്യമുള്ള കടൽ തീരം, 39,139 ചതുരശ്ര കിലോമീറ്റർ കോണ്ടി നെന്റൽ ഷെൽഫ്, 218,536 ചതുരശ്ര കിലോമീറ്റർ പ്രത്യേക സാമ്പത്തിക മേഖല, 53 കായൽ, 44 നദികൾ, നിരവധി തണ്ണീർത്തടങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സംസ്ഥാനമാണ് കേരളം.

മാംസ്യപ്രധാനവും പോഷക സമൃദ്ധവുമായ ഭക്ഷ്യ പദാർത്ഥമാണ് മത്സ്യം. മലയാളികൾക്ക് പോഷകപ്രധാനമായ ഭക്ഷണം സംഭാവന ചെയ്യുന്നതിൽ ഇതിന്റെ പങ്ക് വലുതാണ്. കേരളത്തിലെ ജനങ്ങളുടെ ഭക്ഷണത്തിൽ 70-75 ശതമാനം വരെ ജന്തുജന്യ പ്രോട്ടീൻ ലഭ്യമാകുന്നത് മത്സ്യാഹാ രത്തിൽ നിന്നാണ്. ദേശീയ ഉപഭോക്തൃ സർവ്വേ റിപ്പോർട്ട് കാണിക്കുന്നത് കേരളത്തിലെ ഗ്രാമങ്ങ ളിൽ ആയിരത്തിൽ 829 ഉം നഗരങ്ങളിൽ 812 ഉം കുടുംബങ്ങളിൽ മത്സ്യം ഭക്ഷിക്കുന്നതായാണ്. ഇത് കാണിക്കുന്നത് മലയാളികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് മത്സ്യബന്ധനമേഖല സുസ്ഥിരമായി വികസിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകേണ്ടത് ഉണ്ടെന്നാണ്.

പരമ്പരാഗതമായി കേരളം ഒരു സമുദ്ര മത്സ്യോല്പാദക ഉപഭോഗ സംസ്ഥാനമാണ്. ഒരു കാലത്ത് സമുദ്ര മത്സ്യോത്പാദനത്തിൽ കേരളത്തിന് ഒന്നാം സ്ഥാനമുണ്ടായിരുന്നു. ഇപ്പോൾ പശ്ചിമബംഗാളിന്റെയും ആന്ധ്രാപ്രദേശിന്റെയും ഗുജറാത്തിന്റെയും പിന്നിലായി നാലാം സ്ഥാന ത്താണ് കേരളം നിലകൊള്ളുന്നത്. എന്നിരുന്നാലും കഴിഞ്ഞ കുറേ ദശാബ്ദക്കാലമായി ജലകൃഷി മേഖലയും ശക്തി പ്രാപിച്ചുവരുന്നു. തീരപ്രദേശത്തെ പ്രധാന തൊഴിൽ മേഖലയായ മത്സ്യബന്ധനം, 222 കടലോര മത്സ്യഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളിലുമായി അധിവസിക്കുന്ന ഏകദേശം 10.29 ലക്ഷം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗം കൂടിയാണ്. അതായത് സംസ്ഥാന ജനസംഖ്യയുടെ 3.08 ശതമാനം പേർ ഈ മേഖലയെ ആശ്രയിച്ച് കഴിയുന്നു. സംസ്ഥാനത്ത് 1.86 ലക്ഷം സജീവ മത്സ്യത്തൊഴിലാളികളുണ്ട്.കൂടാതെ 1.64 ലക്ഷം പേർ അനുബന്ധ മേഖലകളായ മത്സ്യസംസ്ക്കരണം, വിപണനം, വിതരണം തുടങ്ങിയ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നു. 749 മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

യന്ത്രവൽകൃത മത്സ്യബന്ധനം, മത്സ്യസംസ്കരണ മേഖലയിലെ ആധുനികവൽക്കരണം എന്നിവ മത്സ്യമേഖലയെ കയറ്റുമതി ലക്ഷ്യമാക്കിയുള്ള ഒരു വ്യവസായമായി വളരാൻ സഹായിച്ചു. 2016-17 കാലയളവിൽ സംസ്ഥാനം 1591.41 മെട്രിക് ടൺ സമുദ്രോൽപ്പന്നങ്ങൾ 90 രാജ്യങ്ങളിലായി കയറ്റുമതി ചെയ്ത് 5008.54 കോടി രൂപയുടെ വരുമാനം നേടിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ (GDP) മത്സ്യമേഖല യുടെ സംഭാവന 7086.32 കോടി രൂപയാണ്. ഇത് സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 1.36 ശതമാനവും (സ്ഥിരവില) പ്രാഥമിക മേഖലയുടെ 11.39 ശതമാനവുമാണ്.

**നമ്മുടെ പരിമിതികൾ**

യന്ത്ര വൽക്കരണത്തിലൂടെ മത്സ്യബന്ധന മേഖല ദ്രുതഗതിയിൽ വളർച്ച കൈവരിച്ചെങ്കിലും, കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളിയുടെ പ്രതിശീർഷ മത്സ്യലഭ്യത 1500 കി.ഗ്രാം മാത്രമാണ്. അനിയന്ത്രിതമായ ചൂഷണത്തിന്റെ ഫലമായി മത്സ്യലഭ്യതയിലുണ്ടായ ശോഷണം മത്സ്യബന്ധനത്തിൽ നിന്നുള്ള വരുമാനം ഗണ്യമായി കുറയ്ക്കുകയും, മുഖ്യധാരാ വികസന പ്രവർത്തനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ പിന്തള്ളപ്പെടുന്നതിനും ഇടയാക്കി. മത്സ്യലഭ്യത, തീരദേശ വില (ബീച്ച് പ്രൈസ്), തൊഴിൽ ദിനങ്ങൾ, ഇന്ധനച്ചെലവ് എന്നിവയെല്ലാം

മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക വളർച്ചയെ നിയന്ത്രിക്കുന്ന ഘടകങ്ങളാണ്. മൊത്തം മത്സ്യത്തൊഴിലാളികളുടെ 20 ശതമാനത്തിന് മാത്രമേ ഏതെങ്കിലും തരത്തിലുള്ള മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമായുള്ളൂ. മറ്റുള്ളവർ മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമായുള്ള ഇടനിലക്കാരെ ആശ്രയിച്ച് പ്രവർത്തിച്ചുവരുന്നു. ആയതുകൊണ്ട് ഫിഷറീസ് മേഖലയിലെ വരുംകാല ഇടപെടൽ, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ മാത്രമല്ല, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കലും കൂടിയാണ്.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ആഗോളവത്കരണ നയങ്ങളും വലിയ പ്രതിസന്ധിയാണ് മത്സ്യമേഖലയിൽ സൃഷ്ടിക്കുന്നത്. സംസ്ഥാനത്തിന് അർഹമായ മണ്ണെണ്ണ ക്വോട്ട വെട്ടിക്കുറക്കുന്നതും ഇന്ധന വില അടിക്കടി വർദ്ധിപ്പിക്കുന്നതും വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. മത്സ്യ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയ്ക്ക് തന്നെ ഭീഷണിയായി ഇത് മാറുന്ന സ്ഥിതിയുണ്ട്. വിദേശ മത്സ്യബന്ധന കപ്പലുകൾ മത്സ്യസമ്പത്ത് അമിതമായി ചൂഷണം ചെയ്യുന്നതും വിഭവശോഷണം ഉണ്ടാക്കുന്നതിന് ഇടയാക്കുന്നു.

**പുതിയ ചില പ്രശ്നങ്ങൾ**

തീരപ്രദേശങ്ങളിലേക്കുള്ള ജനങ്ങളുടെ കുടിയേറ്റം, തീരദേശത്ത് അടിസ്ഥാനസൗകര്യങ്ങൾക്കും വാസസ്ഥലങ്ങൾക്കും ഏൽക്കുന്ന ആഘാതം, കാലാവസ്ഥ വ്യതിയാനം എന്നിവ മത്സ്യമേഖലയെ ബാധിക്കുന്നു. തീരപ്രദേശത്തിന്റെ നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക- പാരിസ്ഥിതിക ഘടനയിലെ പരോക്ഷമായ മാറ്റങ്ങളും പ്രവണതകളും പോലും മത്സ്യആവാസവ്യവസ്ഥയെയും അതിലെ ജൈവ ഭൗതിക ഘടകങ്ങളെയും ഗൗരവമായി സ്വാധീനിക്കുന്നതാണ്. ജലപരിസ്ഥിതിയിലെ ഊഷ്മാവിന്റെ വിതരണവ്യത്യാസങ്ങൾ, ജൈവ-ഭൗതീക പ്രവർത്തനങ്ങൾ എന്നിവ മത്സ്യവലുപ്പത്തെ സാരമായി ബാധിക്കുന്നു. ആഗോള താപനിലയിലെ വർദ്ധനവ് മൂലം സമുദ്രനിരപ്പ് ഉയർന്ന് തിര, വേലിയേറ്റം, വേലിയിറക്കം, കാറ്റ്, ഭൂമിയുടെ ഉപരിതലം, ചരിവ് തുടങ്ങിയവയിൽ മാറ്റം വരുത്തുന്നു. ഇത്തരം പ്രതിഭാസങ്ങൾ മത്സ്യവ്യാപനത്തേയും അവയുടെ ദേശാന്തരഗമനത്തേയും വലിയതോതിൽ സ്വാധീനിക്കുന്നു.

കടലിലേയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിനെ പരിപാലിച്ചും, നാശോന്മുഖമായി കൊണ്ടിരിക്കുന്ന ജല ആവാസവ്യവസ്ഥകൾ പുനരുജ്ജീവിപ്പിച്ചും, ശാസ്ത്രീയ ജലകൃഷി പരിപാലനമുറകൾ അവലംബിച്ചും, മത്സ്യോൽപാദനം വർദ്ധിപ്പിക്കുകവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും മത്സ്യകർഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുകയും മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം പൊതു സമൂഹത്തിന്റെ ശരാശരി ആളോഹരി വരുമാനത്തിന് തുല്ല്യമായി ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

മത്സ്യകൃഷിയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്ല്യ വർദ്ധനവ് നടത്തി വിളവിന് പരമാവധി വില ലഭ്യമാക്കുക, മത്സ്യകർഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുക, സാമൂഹ്യ സുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തി മത്സ്യത്തൊഴിലാളികളുടെ ശരാശരി ആളോഹരി വരുമാനം പൊതു സമൂഹത്തിന്റെ ആളോഹരി വരുമാനത്തിന് തുല്ല്യമായി ഉയർത്തിക്കൊണ്ടുവരിക എന്നതുമാണ് ഈ നയം കൊണ്ട് വിഭാവനം ചെയ്യുന്നത്.

# അധ്യായം I

## ലക്ഷ്യങ്ങൾ

1.1 കേരളത്തിന്റെ പൊതുവായ വികസന തോത് കണക്കിലെടുത്താൽ മത്സ്യതൊഴിലാളികളുടെ ജീവിതം ഏറെ പിന്നോക്കമാണ് എന്ന് മനസ്സിലാക്കാനാവും. ഇത് പരിഹരിക്കുന്നതിനുതകുന്ന തരത്തിൽ മത്സ്യമേഖലയെ ക്രമീകരിക്കുക എന്നതും പ്രധാനമാണ്. അതിനായി ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെന്ത് എന്ന് മനസ്സിലാക്കുകയും അവ പരിഹരിക്കുന്നതിനുതകുന്ന കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ലക്ഷ്യങ്ങളെ വിഭാവനം ചെയ്യുകയും അത് വിവിധ മേഖലയിൽ എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച മൂർത്തമായ പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

1.2 കേരളത്തിന്റെ മത്സ്യമേഖലയിൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നത് ഏറെ പ്രധാനമാണ്. പാരിസ്ഥിതികമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ട് ഇത് നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. ഇത്തരം ഇടപെടലുകളിലൂടെ മത്സ്യമേഖലയിൽ പണിയെടുക്കുന്നവരുടെ ജീവിതം മെച്ചപ്പെടുത്തുക എന്നതും ഏറ്റവും പ്രധാനമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. മത്സ്യമേഖലയിലെ ഇടപെടൽ എന്നത് സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഒരു ഭാഗം തന്നെയാണ് എന്ന കാര്യവും ഉൾക്കൊള്ളേണ്ടതുണ്ട്.

1.3 മത്സ്യമേഖലയിലെയും അതിൽ പണിയെടുക്കുന്നവരുടെയും നിലവിലുള്ള പ്രശ്നങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അവ പരിഹരിക്കാനുതകുന്ന കാഴ്ചപ്പാടോടെ ലക്ഷ്യങ്ങൾ വിഭാവനം ചെയ്യുക എന്നതും പ്രധാനമാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള ലക്ഷ്യനിർവഹണമാണ് ഈ നയരേഖ മുന്നോട്ടുവയ്ക്കുന്നത്.

### പൊതുവായ സമീപനം

1.4 ഇത്തരമൊരു നയം നിർബന്ധമായും സുസ്ഥിര മത്സ്യബന്ധന പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുകയും, ജനകീയ പങ്കാളിത്തത്തോടെ ജലജീവികളുടെ പരിപാലനവും സംരക്ഷണവും ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ അധിഷ്ഠിതവുമായിരിക്കുന്നതാണ്.

### ശാസ്ത്രീയമായ ഇടപെടലുകൾ

1.5 ശാസ്ത്ര സാങ്കേതിക രംഗത്ത് ഉയർന്നുവരുന്ന കണ്ടുപിടിത്തങ്ങളെ ഈ മേഖലയിൽ നടപ്പിലാക്കിക്കൊണ്ട് മാത്രമേ പുതിയ കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് മുന്നോട്ടുപോകാനാവൂ. അതിനായി ഇക്കാര്യത്തിൽ താഴെപറയുന്ന ഇടപെടലുകൾ നടത്തുന്നതാണ്.

i. ശാസ്ത്രീയ മുറകൾ അവലംബിച്ച് കടൽ/ഉൾനാടൻ മത്സ്യോല്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

ii. ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ജലകൃഷിയിലൂടെയുള്ള മത്സ്യോത്പാദനം വർദ്ധിപ്പിക്കുക.

iii. നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മൂല്യവർദ്ധനവ് വഴി വിളവിന് പരമാവധി വില ലഭ്യമാക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക.

iv. രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണസ്ഥാപനങ്ങളുടെ സഹായത്താലുള്ള പരിശീലന പരിപാടികളിലൂടെ ഉദ്യോഗസ്ഥ ശാക്തീകരണം ഉറപ്പാക്കുക.

v. രാജ്യത്തിനകത്തും പുറത്തുമുള്ള സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്താലുള്ള പരിശീലന പരിപാടികളിലൂടെ ഉദ്യോഗസ്ഥ ശാക്തീകരണവും മത്സ്യത്തൊഴിലാളികൾക്ക് പരിശീലനവും ഉറപ്പാക്കുക.

vi. കടലുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മാസ്റ്റർ കൺട്രോൾ സിസ്റ്റം ഏർപ്പെടുത്തുക.

vii. ഗുണമേന്മയുള്ള മത്സ്യം വൃത്തിയുള്ള രീതിയിൽ വിപണനം നടത്തി മത്സ്യത്തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുക.

viii. ഗുണനിലവാരം ഉറപ്പാക്കി നൂതന പാക്കിംഗിലൂടെ മത്സ്യഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്ത് അവയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക.

**മത്സ്യതൊഴിലാളികളുടെ സംരക്ഷണം**

1.6 മത്സ്യതൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തി കേരളത്തിന്റെ പൊതുവായ വികസനത്തോട് ചേർത്തുവയ്ക്കാൻ കഴിയേണ്ടതുണ്ട്. അതിനുപയുക്തമായ ലക്ഷ്യങ്ങളും ഈ നയം മുന്നോട്ടുവയ്ക്കുന്നു.

i. മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവകാശം അവർക്ക് ഉറപ്പ് വരുത്തുക.

ii. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിന് സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുക.

iii. മത്സ്യത്തൊഴിലാളികളുടെ തൊഴിൽ വേളയിലുള്ള അപകട സാദ്ധ്യത പരമാവധി കുറയ്ക്കുന്നതിനായി ജീവൻ സുരക്ഷ ഏർപ്പെടുത്തുക.

iv. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനും സഹായം നല്കി അവരുടെ സാമൂഹ്യ-സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുക.

v. പ്രകൃതിക്ഷോഭം മൂലം മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യകൃഷിയ്ക്കും ഉണ്ടാകാൻ സാധ്യതയുള്ള നഷ്ടം പരിഹരിച്ച് അവ പുനരുജ്ജീവിപ്പിക്കുന്നതിനും അതുവഴി സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തുകയും ചെയ്യുക.

vi. മത്സ്യഭവനുകൾ വഴിയുള്ള മത്സ്യവിജ്ഞാന വ്യാപന സേവനങ്ങൾ ശക്തിപ്പെടുത്തി മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തി e-governance, M-governance സാധ്യതകൾ പ്രയോജനപ്പെടുത്തുക.

vii. മത്സ്യതൊഴിലാളികളെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിന് മുൻ എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന കടാശ്വാസ നടപടികൾ പൂർത്തീകരിക്കും.

viii. തൊഴിൽ ഉപകരണങ്ങൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തും. ഇൻഷുറൻസ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## അധ്യായം II

# സമുദ്ര മത്സ്യബന്ധനം

2.1 കേരളത്തിന്റെ കടലോരം 590 കിലോമീറ്റർ നീണ്ടുനിൽക്കുന്നതാണ്. നമ്മുടെ മത്സ്യബന്ധനത്തിന്റെ 72 ശതമാനവും ലഭിക്കുന്നത് ഈ മേഖലയിൽ നിന്നാണ്. ദേശീയതലത്തിൽ അത് 40 ശതമാനത്തിൽ താഴെയാണ്. 2006-07 കാലയളവിൽ 5.98 ലക്ഷം ടൺ ഉണ്ടായിരുന്ന മത്സ്യഉല്പാദനം 2016-17-ൽ 5.23 ലക്ഷം ടൺ ആയി കുത്തനെ കുറഞ്ഞു. ഈ സാഹചര്യത്തിൽ ഫലപ്രദമായ നിരീക്ഷണത്തിലൂടെയും നിയമ വ്യവസ്ഥകളിലൂടെയും കോണ്ടിനെന്റൽ ഷെൽഫ് ഏരിയയിലെ മത്സ്യസമ്പത്തിനെ സുസ്ഥിരമായി മാത്രം വിനിയോഗിക്കുന്നതാണ്.

**വിദേശയാനങ്ങളെ നിയന്ത്രിക്കും**

2.2 വിദേശ ട്രോളറുകൾക്കോ, തദ്ദേശീയ കോർപ്പറേറ്റുകളുടെ യാനങ്ങൾക്കോ, ആഴക്കടൽ മത്സ്യബന്ധനം നടത്താനുള്ള അനുവാദം നൽകാതിരിക്കാനും ഇന്ത്യയുടെ സമുദ്ര അതിർത്തിയിൽ അവയെ പ്രവേശിപ്പിക്കാതിരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തും.

2.3 മത്സ്യബന്ധന മേഖലയിലെ നൂതന സാങ്കേതിക മാറ്റങ്ങൾ, കാലാവസ്ഥാ വ്യതിയാനം, മലിനീകരണം എന്നിവ മത്സ്യസമ്പത്തിനേല്പിക്കുന്ന ആഘാതങ്ങൾക്കനുസൃതമായി നിലവിലുള്ള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമവും ചട്ടങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതാണ്.

**അനഭിലഷണീയമായ പ്രവണതകൾ നിയന്ത്രിക്കും**

2.4 മത്സ്യബന്ധന രംഗത്തെ അനഭലഷണീയമായ പ്രവണതകൾ ഒഴിവാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി വിവിധ മത്സ്യബന്ധനയാനങ്ങളുടെ പരമാവധി എണ്ണം, വലക്കണ്ണികളുടെ കുറഞ്ഞ വലുപ്പം, വലയുടെ നീളം, വലുപ്പം എന്നിവ നിയന്ത്രിക്കുന്നതാണ്. നിയമാനുസൃതമല്ലാത്ത വലകളുടെ നിർമ്മാണവും വിതരണവും നിരോധിക്കുന്നതുമാണ്. വല നിർമ്മാണ യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കും. ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടു കൂടി മാത്രമേ പുതിയതരം മത്സ്യബന്ധന മാർഗ്ഗങ്ങളും വലകളും ഉപയോഗിക്കാൻ പാടുള്ളൂ വെന്ന നിബന്ധന കൊണ്ടുവരുന്നതാണ്.

2.5 കേരളത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനത്തിനായി ഉപയോഗി ക്കുന്ന ഡൈനാമിറ്റ്, ലൈറ്റ്, FAD'S, വിഷം, bull trawling/pair trawling തുടങ്ങിയ നശീകരണ മത്സ്യബന്ധന രീതികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും. ഗിൽനെറ്റ്, ചൂണ്ട, എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കും.

2.6 സംസ്ഥാനത്തിന്റെ തീരക്കടലിൽ യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങൾക്ക് നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കും.എന്നാൽ, കാലഹരണപ്പെടുന്ന യാനങ്ങൾക്ക് പകരമായി പുതിയ യാനങ്ങൾക്കുള്ള അനുമതി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മാത്രം നൽകും. ഒരു വ്യക്തിക്ക് സ്വന്തമാക്കാവുന്ന ലൈസൻസിന്റെ എണ്ണം നിജപ്പെടുത്തും. അനുവദനീയമായ എണ്ണത്തിൽ കൂടുതലുള്ള യാനങ്ങളെ പുനർവിന്യസിപ്പിക്കുകയോ പിൻവലിക്കുകയോ

ചെയ്യുന്നതിന് നടപടി സ്വീകരിക്കും. യന്ത്രവത്കൃതയാനങ്ങൾക്ക് 'ക്യാച്ച് ക്വാട്ട സിസ്റ്റം' എർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്.

2.7 മത്സ്യബന്ധനയാനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി ബോട്ട് ബിൽഡിംഗ് യാർഡുകൾക്ക് ഫിഷറീസ് വകുപ്പിന്റെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതോടൊപ്പം പുതിയ മത്സ്യബന്ധനയാനങ്ങൾക്ക് അവയുടെ ഡിസൈൻ അംഗീകാരം നിർബന്ധമാക്കും. ശുചിമുറികൾ, വിശ്രമത്തിനുള്ള ബർത്തുകൾ, അടുക്കള എന്നിവ യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങളിൽ ഉറപ്പാക്കും.

2.8 രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ യന്ത്രവത്കൃതയാനങ്ങൾക്കും ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് നിർബന്ധമാക്കും. ട്രോളിംഗിനായി സമുദ്രത്തിന്റെ ആഴം നിർണ്ണയിക്കുന്ന ഉപകരണങ്ങൾ പരീക്ഷണ അടിസ്ഥാനത്തിൽ യന്ത്രവത്കൃത ട്രോൾ യാനങ്ങളിൽ ഉപയോഗിച്ച് വിലയിരുത്തുകയും ഉപയോഗപ്രദമാണെന്നു കണ്ടെത്തിയാൽവ്യാപകമായി നടപ്പിലാക്കുകയും ചെയ്യും.

2.9 അമിത ചൂഷണത്തിന് വിധേയമായി കൊണ്ടിരിക്കുന്ന കോണ്ടിനന്റൽഷെൽഫ് ഏരിയയിൽ നിന്നും നിലവിലെ മത്സ്യബന്ധന സമ്മർദ്ദം, കോണ്ടിനെന്റൽ സ്ലോപ്പ് ഏരിയയിലേയ്ക്ക് മാറ്റപ്പെടേണ്ടതിന് പുറം കടലിൽ ബഹുദിന മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകും.

**ചെറുമത്സ്യങ്ങളുടെ സംരക്ഷണം**

2.10 ചെറുമത്സ്യങ്ങളെ സംരക്ഷിക്കുന്നതിനും പിടിക്കപ്പെടുന്ന മത്സ്യങ്ങളുടെ വലുപ്പം നിയന്ത്രിക്കുന്നതിനായി ഇടപെടുന്നതാണ്. 58 ഇനം മത്സ്യങ്ങൾക്ക് MLSഏർപ്പെടുത്തിയത് കർശനമായി നടപ്പിലാക്കും. നിശ്ചിത വളർച്ച കൈവരിക്കാത്ത മത്സ്യത്തിന്റെ പിടിച്ചെടുക്കൽ, ലേലം, വിപണനം, പരിവഹനം, വിതരണം എന്നിവ നിരോധിക്കുന്നതാണ്.

**പരമ്പരാഗത മത്സ്യതൊഴിലാളികളുടെ സംരക്ഷണം**

2.11 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ/ സഹകരണസംഘങ്ങൾ എന്നിവർക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളായ tuna long lining, gill netting, squid jigging എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകും.

2.12 നിലവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിനായി ആഴത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക മേഖല ഏർപ്പെടുത്തി അവിടെ യന്ത്രവത്കൃത മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക മേഖല ഏർപ്പെടുത്തിക്കൊണ്ടുള്ളതുൾപ്പെടെയുള്ള നിലവിലുള്ള അവകാശങ്ങൾ സംരക്ഷിക്കും. ആ മേഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്ന കാര്യവും പരിഗണിക്കും. ട്രോളിംഗ് നിരോധനത്തിന്റെ നേട്ടം കൂടുതൽ ലഭിക്കുന്നതിനായി വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ട്രോളിംഗ് നിരോധന കാലയളവ് വർദ്ധിപ്പിക്കുന്ന കാര്യവും പരിഗണിയ്ക്കുന്നതാണ്.

**പാരിസ്ഥിതിക തനിമ നിലനിർത്തുന്നതിന് ഇടപെടും**

2.13 സുസ്ഥിര മത്സ്യബന്ധന വികസനം പ്രോത്സാഹിപ്പിക്കുമ്പോൾ സമുദ്ര ആവാസവ്യവസ്ഥയുടെ പാരിസ്ഥിതിക തനിമ നിലനിർത്തുന്നതിന് ഊന്നൽ നല്കും. വംശനാശ ഭീഷണി നേരിടുന്ന മത്സ്യ വർഗ്ഗങ്ങളെ സംരക്ഷിക്കും. കണ്ടൽക്കാടുകൾ, സമുദ്രപുൽത്തിട്ടകൾ, പവിഴപ്പുറ്റുകൾ എന്നിവ തീരദേശ സമുദ്ര ആവാസ വ്യവസ്ഥയുടെ അവിഭാജ്യഘടകവും നിരവധി മത്സ്യങ്ങളുടെ ആവാസ കേന്ദ്രങ്ങളും കൂടിയാണ്. ഇത്തരം

ആവാസ വ്യവസ്ഥകളെ മനുഷ്യ പ്രവർത്തനങ്ങളുടെ ആഘാതങ്ങളിൽ നിന്നും സംരക്ഷിക്കും.

2.14 പ്രാദേശികമായുള്ള നിലവിലുള്ള സ്വാഭാവിക പാരുകൾക്കു സമീപം 12 ഫാതം ആഴത്തിൽ മത്സ്യത്തൊഴിലാളികളുടെ സഹകരണം ഉറപ്പാക്കി കൃത്രിമ പാരുകൾ സ്ഥാപിക്കും. സ്വകാര്യപാരുകൾ കടലിൽ സ്ഥാപിക്കുന്നത് അനുവദിക്കുന്നതല്ല.

2.15 സമുദ്ര മലിനീകരണം മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുന്നു. കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങളും കരയിലെ അശാസ്ത്രീയമായ മാലിന്യ സംസ്കരണവും ഗോസ്റ്റ് ഫിഷിംഗും എല്ലാം മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങളാണ്. തീരദേശത്തേയും കടലിലേയും മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തും. ഇതിനായി 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതി നടപ്പിലാക്കുന്നതാണ്.

2.16 കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച ഇന്ത്യയുടെ അന്താരാഷ്ട്ര പ്രതിബദ്ധതയുടെ ഭാഗമായി മത്സ്യബന്ധനവും അനുബന്ധപ്രവർത്തനങ്ങളിലും നിന്നുള്ള ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനത്തോത് കുറച്ച് 'ഗ്രീൻ ഫിഷറീസ്' എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതാണ്.

**ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കും**

2.17 മത്സ്യത്തൊഴിലാളികൾ, ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുടെ തുടർച്ചയായ ആശയവിനിമയത്തിലൂടെ മത്സ്യസമ്പത്തിന്റെ സംരക്ഷണവും, സുസ്ഥിര വികസനവും സാദ്ധ്യമാക്കുന്നതും, തദ്ദേശീയമായി അനുയോജ്യമായ സംരക്ഷണ-പരിപാലന-നിയന്ത്രണ മാർഗ്ഗങ്ങൾ യഥാ സമയങ്ങളിൽ നിർദ്ദേശിക്കുന്നതിനും നടപ്പിലാക്കുന്നതിനും, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ മത്സ്യഗ്രാമ തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും രൂപീകരിക്കുന്നതാണ്.

2.18 സമുദ്ര മത്സ്യബന്ധന മേഖല പരിപാലനം അയൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിരിയ്ക്കുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി അന്തർസംസ്ഥാന ഫിഷറീസ് കൗൺസിലിന്റെ രൂപീകരണത്തിന് മറ്റു സംസ്ഥാനങ്ങളുടെ സഹകരണത്തോടു കൂടി നടപടികൾ സ്വീകരിക്കും.

**ദുരന്ത നിവാരണത്തിനുള്ള ഇടപെടൽ**

2.19 ഓഖി ചുഴലിക്കാറ്റ് പോലുള്ള ദുരന്തങ്ങൾ കടൽ രക്ഷാ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തുന്നുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ ഫിഷറീസ് സ്റ്റേഷനോടനുബന്ധിച്ച് 'മറൈൻ ആംബുലൻസ്' സംവിധാനം സജ്ജീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ ഇടയിൽ നിന്നും യുവാക്കളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനവും മികച്ച ഉപകരണങ്ങളും പ്രദാനം ചെയ്തുകൊണ്ട് സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളും, ഫിഷ് ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് 'സീ റെസ്ക്യൂ സ്ക്വാഡ്' രൂപീകരിക്കുന്നതാണ്. കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള 'സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസിഡിയേഴ്സ്' (SOP) കാലോചിതമായി പരിഷ്കരിക്കുന്നതാണ്.

2.20 മത്സ്യഗ്രാമങ്ങളിലുംമത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്കും യഥാസമയം മുന്നറിയിപ്പുകൾ എത്തിക്കുന്നതിനും, അടിയന്തര സഹായ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള സംവിധാനം എത്രയും പെട്ടെന്ന് സൃഷ്ടിക്കും. ഇതിന് എല്ലാ മത്സ്യബന്ധനയാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സാറ്റലൈറ്റ് വിവരവിനിമയസംവിധാനത്തിന് രൂപം നൽകുന്നതാണ്. ഇതുവഴി കാലാവസ്ഥ, മത്സ്യവിഭവ സാദ്ധ്യതാ മേഖല, മത്സ്യത്തിന്റെ വില എന്നീ വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ചെലവു കുറഞ്ഞ ചെറുകിട വാർത്താവിനിമയ ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കും.

2.21 International Maritime Organization നിർദ്ദേശിച്ചിരിക്കുന്ന Safety of Life at Sea (SOLAS) നിബന്ധനയനുസരിച്ച് യാനങ്ങളുടെ സഞ്ചാരപഥം കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനം എല്ലാ യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങൾക്കും നിർബന്ധമാക്കും. സമുദ്രത്തിലേയ്ക്ക് മത്സ്യബന്ധന യാനങ്ങൾ പ്രവേശിക്കുന്നതും, തിരികെ എത്തുന്നതുമായ യാത്രാ വിവരങ്ങളും, അതിലെ മത്സ്യത്തൊഴിലാളികളുടെ വ്യക്തിപരമായ വിവരങ്ങളും ICT സഹായത്താൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്രകാരം കടലുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മാസ്റ്റർ കൺട്രോൾ സിസ്റ്റം വിഴിഞ്ഞം, കൊച്ചി, കോഴിക്കോട്. എന്നിവിടങ്ങളിൽ സ്ഥാപിക്കും.

2.22 ഭൂരിഭാഗം മത്സ്യബന്ധന യാനങ്ങളിലും നാവിഗേഷൻ വിളക്കുകൾ, സിഗ്നലുകൾ, കടൽ സുരക്ഷാ ഉപകരണങ്ങൾ, വാർത്താവിനിമയ ഉപാധികൾ എന്നിവ ഉണ്ടാകാറില്ല. ഇതു കാരണം മത്സ്യത്തൊഴിലാളികൾ അപകടങ്ങളിൽപ്പെടുന്നത് സാധാരണമായിരിക്കുന്നു. ഇവ എല്ലാ മത്സ്യബന്ധനയാനങ്ങളിലും നിർബന്ധമാക്കും.

2.23 ഭൂരിപക്ഷം മത്സ്യത്തൊഴിലാളികളും ഐക്യരാഷ്ട്ര സംഘടനയുടെ 1982-ലെ സമുദ്രനിയമ (UNCLOS)-ത്തെപ്പറ്റിയും രാജ്യങ്ങളുടെ പ്രത്യേക സാമ്പത്തിക മേഖല (EEZ)-യെക്കുറിച്ചും അജ്ഞരാണ്. മറ്റു രാജ്യങ്ങളുടെ പ്രത്യേക സാമ്പത്തിക മേഖലയിൽ നമ്മുടെ യാനങ്ങൾ അനധികൃത മത്സ്യബന്ധനത്തിൽ ഏർപ്പെട്ട സംഭവങ്ങളുണ്ട്. ഇത്തരം നിയമങ്ങളെക്കുറിച്ചുള്ള അവബോധം മത്സ്യത്തൊഴിലാളികളിൽ സൃഷ്ടിയ്ക്കും.

2.24 കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുമായും സർവ്വകലാശാലകളുമായും ബന്ധപ്പെട്ട് മത്സ്യബന്ധന യാനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പരിശീലനം ലഭിച്ച സ്രാങ്ക്/സ്കിപ്പർ, എഞ്ചിൻ ഡ്രൈവർ, എന്നിവരുള്ള യന്ത്രവത്കൃത യാനങ്ങളെ മാത്രമേ മത്സ്യബന്ധനത്തിലേർപ്പെടാൻ അനുവദിക്കുകയുള്ളൂ.

**മത്സ്യത്തിന് തറ വില നിശ്ചയിക്കും**

2.25 ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയേയും മത്സ്യയിനങ്ങളേയും അടിസ്ഥാനമാക്കി മത്സ്യത്തിന്റെ തറവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഉപഭോക്താക്കളുടെ താത്പര്യവും സംരക്ഷിക്കും**

2.26 മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യം നിയമവിധേയമായി പിടിച്ചെടുത്തതാണെന്ന് ഉപഭോക്താവിന് ബോദ്ധ്യപ്പെടുന്ന വിധത്തിൽ മത്സ്യത്തിന്റെ ഉറവിടം, പിടിച്ചെടുത്ത മാർഗ്ഗം മുതലായ വിവരങ്ങൾ അടങ്ങിയ സാക്ഷ്യപത്രം യാനം ഉടമയ്ക്ക് നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**വിനോദ സഞ്ചാരത്തിനുള്ള സാധ്യതകളും ഉപയോഗപ്പെടുത്തും**

2.27 മത്സ്യബന്ധനമേഖലയിലെ വിനോദസഞ്ചാരത്തിനുള്ള സാദ്ധ്യതകൾ ഇതുവരെ പ്രയോജനപ്പെടുത്താനായിട്ടില്ല. വിനോദ മത്സ്യബന്ധനത്തിനായി യാനം വാടകയ്ക്ക് നൽകുക, ഡോൾഫിനുകളെ കാണുക, ഞണ്ട് വേട്ട തുടങ്ങിയവ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾ മുഖേന ഉത്തരവാദിത്വ ഫിഷറീസ് ടൂറിസം നടപ്പിലാക്കും.

# അധ്യായം III

# ഉൾനാടൻ മത്സ്യബന്ധനം

3.1 ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ ഉത്പാദന വിഹിതം 28 ശതമാനത്തിന് താഴെയാണ്. കടൽ മത്സ്യബന്ധന മേഖല വിഭവ ശോഷണ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ മത്സ്യഉത്പാദന വർദ്ധനവിന് ഉൾനാടൻ മേഖലയുടെ വിഭവ സാധ്യതകളെ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമമാണ് നടത്തേണ്ടത്.

**ആവാസ വ്യവസ്ഥകൾ സംരക്ഷിക്കും**

3.2 ജല ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും അവയിലെ തനത് ജനിതക വൈവിധ്യം നിലനിർത്തി പരിപാലിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. വംശനാശം നേരിടുന്ന മത്സ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്. മതിയായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മത്സ്യത്തിന്റെ സ്വാഭാവിക പ്രജനന കേന്ദ്രങ്ങളെ 'മത്സ്യസംരക്ഷിത മേഖല' ആയി പ്രഖ്യാപിയ്ക്കും. കക്ക സമ്പത്ത് പുനഃസ്ഥാപിക്കുന്നതിന് വേമ്പനാട്, അഷ്ടമുടി തുടങ്ങിയ കായലുകളിൽ കക്ക സാങ്ചറികൾ സ്ഥാപിക്കും.

3.3 മത്സ്യ സമ്പത്തിന്റെ പ്രജനന കേന്ദ്രങ്ങളായ കണ്ടൽക്കാടുകൾ സംരക്ഷിക്കും. കായൽ തീരങ്ങളിൽ കണ്ടൽ തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

3.4 അഴിമുഖങ്ങളിലെ സ്വാഭാവിക ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനായി മത്സ്യങ്ങൾക്ക് സുഗമമായ പ്രജനന/ദേശാടന പാത ഒരുക്കുന്നതാണ്.

3.5 ഉൾനാടൻ ജലാശയങ്ങളിലെ ആവാസ വ്യവസ്ഥയെയും മത്സ്യസമ്പത്തിനെയും സംരക്ഷിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള ഇടപെടൽ നടത്തും.ഡ്രഡ്ജിംഗ്, തടയണ നിർമ്മാണം, ടൂറിസം എന്നിവ ഉൾനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥയേയും അതുവഴി മത്സ്യത്തേയും പ്രതികൂലമായി ബാധിക്കുന്നതായി കാണുന്നു. ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ മത്സ്യസമ്പത്തിനേയും മത്സ്യബന്ധന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജലാശയത്തിന് കുറുകെ ബണ്ടുകൾ നിർമ്മിക്കുമ്പോൾ, ജലത്തിന്റെ സുഗമമായ ഒഴുക്കിനെയും മത്സ്യത്തിന്റെ ദേശാടനത്തെയും തടസ്സപ്പെടുത്താത്ത തരത്തിൽ മാത്രമായിരിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കുന്നതാണ്.

3.6 മത്സ്യങ്ങളുടെ പ്രജനന കേന്ദ്രവും നഴ്സറിയുമായ നദീതടങ്ങളെ പ്രത്യേക പ്രാധാന്യം നൽകി സംരക്ഷിക്കും. പ്രകൃതിദത്തമായ പ്രജനന കേന്ദ്രങ്ങളുടെ നശീകരണം കാരണം ഉൾനാടൻ മത്സ്യോല്പാദനം കുറഞ്ഞു വരുന്നു. ഇതു പരിഹരിക്കുന്നതിന് ഹാച്ചറിയിൽ

ഉല്പാദിപ്പിച്ചെടുത്ത മത്സ്യകുഞ്ഞുങ്ങളെ പൊതു ജലാശയങ്ങളിൽ നിക്ഷേപിച്ച് മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതാണ്.

3.7 ജലാശയങ്ങളുടെ ആഴവും വിസ്തൃതിയും ശോഷിക്കുന്നത് സംബന്ധിച്ച് വിശദമായ സർവ്വേ നടത്തുന്നതാണ്. ജലാശയങ്ങൾ ചുരുങ്ങുന്നതും മറ്റ് ആവശ്യങ്ങൾക്കായി രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കാൻ നീർത്തടാധിഷ്ഠിത ഇടപെടലുകൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്.

**നിയമവിരുദ്ധരീതികൾ തടയും**

3.8 ഈ മേഖലയിലെ നിയമവിരുദ്ധ മത്സ്യബന്ധന രീതികൾ തടയുന്നതിനോടൊപ്പം അവിടെ മത്സ്യസമ്പത്തിന്റെ പരിരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നതിന് ഉൾനാടൻ മത്സ്യബന്ധന നിയമം ശക്തമായി നടപ്പിലാക്കും. ഉൾനാടൻ മത്സ്യമേഖല ക്രമവത്കരിക്കുന്നതിന്റെ ഭാഗമായി നിലവിലെ കേരള ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ടും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതാണ്.

3.9 പ്രകൃത്യാലുള്ള മത്സ്യസമ്പത്ത് സംരക്ഷിക്കുന്ന തിനായി പൊതുജലാശയങ്ങളിൽ നിന്നും പ്രകൃതിദത്ത മത്സ്യവിത്ത്, പാകമായ മുട്ട വഹിക്കുന്ന മത്സ്യം എന്നിവ ശേഖരിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തും. പ്രകൃത്യാലുള്ള/തനതു മത്സ്യങ്ങളെ ജീവനോടെ കയറ്റുമതി ചെയ്യുന്നതിനായി ശേഖരിക്കുന്നത് നിയന്ത്രിക്കും.

**മാലിന്യങ്ങളിൽ നിന്ന് സംരക്ഷിക്കും**

3.10 നഗരവത്ക്കരണത്തിന്റെ ഭാഗമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ഉൾപ്പെടെയുള്ള നടപടികളിലൂടെ ജല ആവാസ വ്യവസ്ഥ തകരുന്നത് ഒഴിവാക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാവും. ഫാക്ടറി മാലിന്യം, സ്വീവേജ്, കൃഷിയിടങ്ങളിൽ നിന്നും ഒഴുകി വരുന്ന ജലം എന്നിവ മത്സ്യ സമ്പത്തിൽ ഏല്പിക്കാവുന്ന ആഘാതങ്ങളെകുറിച്ച് പഠിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കും.

**റിസർവോയറുകളിൽ നിന്നുള്ള മത്സ്യോൽപ്പാദനം**

3.11 ആയിരം ഹെക്ടറിന് മുകളിൽ വിസ്തൃതിയുള്ള റിസർവോയറുകളിൽ റാഞ്ചിംഗിലും, മത്സ്യബന്ധനത്തിലും അധിഷ്ഠിതമായതും, ചെറിയ റിസർവോയറുകളിൽ മത്സ്യ കൃഷിയിൽ അധിഷ്ഠിതമായതും ആയ മാർഗ്ഗങ്ങൾ അവലംബിച്ച് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതാണ്. ജലസംഭരണികളിലെ മത്സ്യക്കൂടുകളിൽ മത്സ്യവിത്ത് ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ സ്വീകരിച്ച്, ജലസംഭരണികളിൽ നിക്ഷേപിക്കുന്നതിനാവശ്യമായ മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതാണ്.

3.12 കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് പാട്ടത്തിന് നൽകിയത് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മുഴുവൻ റിസർവോയറുകളിലേയും മത്സ്യബന്ധനാവകാശം ഫിഷറീസ് വകുപ്പ് മുഖേന ക്രമപ്പെടുത്തുന്നതാണ്. അണക്കെട്ടിന്റെ സുരക്ഷ കണക്കിലെടുത്ത് അണമുഖത്തിനും (Dam face) ജലനിർഗമന മാർഗ്ഗങ്ങൾക്കും 1 കി.മീ. ചുറ്റളവിൽ മനുഷ്യരോ യാനങ്ങളോ പ്രവേശിക്കുന്നത് കർശനമായി നിരോധിക്കുന്നതാണ്. ഇത്തരം നിരോധനമേർപ്പെടുത്താത്ത ജലാശയ ഭാഗങ്ങളിൽ തദ്ദേശീയവാസികളായ മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് നൽകി മത്സ്യബന്ധന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതാണ്.

3.13 സംരക്ഷിത വനമേഖലയിലെ റിസർവോയറുകളിലെ മത്സ്യബന്ധന അവകാശം ആ പ്രദേശത്തെ ആദിവാസികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതാണ്. നിലവിലെ

സ്വാഭാവിക മത്സ്യസമ്പത്തിൽ ഉൾപ്പെട്ട ഇനങ്ങളെ ഹാച്ചറികളിൽ ഉല്പാദിപ്പിച്ച് വന്യജീവി സങ്കേതത്തിലുള്ള ജലസംഭരണികളിൽ നിക്ഷേപിയ്ക്കുന്നതാണ്.

## അധ്യായം IV

## ജലകൃഷി

4.1 സംസ്ഥാനത്തെ മത്സ്യകൃഷി വികസിപ്പിക്കുക എന്നത് പ്രധാനപ്പെട്ട ഒന്നായി സർക്കാർ കാണുന്നു. ഉത്പാദനക്ഷമതയുടെ വർദ്ധനവ്, നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കൽ, ജനിതകപരമായി മെച്ചപ്പെട്ടതോ തദ്ദേശീയ മായതോ ആയ ഇനങ്ങളുടെ കൃഷിചെയ്യൽ എന്നിവയിലധിഷ്ഠിതമായിരിക്കും ഇത്. അനുവദനീയമായ വിദേശ മത്സ്യയിനങ്ങളെ, കർശനമായ ജൈവ സുരക്ഷാ മാർഗ്ഗങ്ങൾ ഏർപ്പെടുത്തിയ മത്സ്യകൃഷിയിടങ്ങളിൽ മാത്രമേ കൃഷി ചെയ്യാൻ അനുവദിക്കുകയുള്ളൂ. പുനഃചംക്രമണ കൃഷിരീതി, കൂടുകളിലെ കൃഷി, വളപ്പ് കൃഷി തുടങ്ങിയ നൂതന മത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് മത്സ്യ കൃഷി വ്യാപിപ്പിക്കും.

### വിത്തുൽപ്പാദനം

4.2 രോഗാണുവിമുക്തമായ ചെമ്മീൻ വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനും പ്രോബയോട്ടിക്സ് ഉപയോഗിച്ച് ജല വിനിമയമില്ലാത്ത ചെമ്മീൻകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കും. ചെമ്മീൻ കൃഷിയിടങ്ങളിൽ ഓരോ വിളവെടുപ്പിനു ശേഷവും കരിമീൻ, പൂമീൻ, തിരുത, കണമ്പ് തുടങ്ങിയ മത്സ്യങ്ങളെ ഇടവിളയായി കൃഷി ചെയ്യുന്നതിന് സഹായം നൽകും.

4.3 നിലവിലുള്ള വിത്തുൽപ്പാദനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും, നിലവിലെ ശേഷി പരമാവധി പ്രയോജന പ്പെടുത്തുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യും. സാറ്റലൈറ്റ് കേന്ദ്രങ്ങൾ പോലെ പ്രാദേശിക തലത്തിൽ ചെറുകിട റിയറിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് വിത്തുൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതാണ്. ജനിതകമായി ഗുണനിലവാരമുള്ള വിത്തുല്പാദനത്തിന് 'വിത്തു മത്സ്യ ബാങ്കുകൾ' വികസിപ്പിക്കും.

4.4 വരാൽ, മുഷി, കൈതക്കോര, കാരി, പരൽ, തൂളി, കുയിൽ മത്സ്യം തുടങ്ങിയ തദ്ദേശീയ ശുദ്ധജല മത്സ്യയിനങ്ങളുടെ വാണിജ്യാടിസ്ഥാനത്തിനുള്ള വിത്തുല്പാദനത്തിനും കൃഷിക്കും സുസ്ഥിരമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും, പ്രസ്തുത സാങ്കേതികവിദ്യകൾ പേറ്റന്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. ഇതോടൊപ്പം GIFT(Genetically Improved Farmed Tilapia) മത്സ്യം, വന്നാമി ചെമ്മീൻ എന്നിവയുടെ വിത്തുല്പാദനത്തിനുള്ള ഹാച്ചറിയും സ്ഥാപിയ്ക്കുന്നതാണ്. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മത്സ്യവിത്തിനങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4.5 ഗുണ മേന്മയുള്ള വിത്തുമത്സ്യങ്ങളുടെയും വിത്തിന്റെയും ഇറക്കുമതിക്കായി തുറമുഖങ്ങളിൽ/ ഇറക്കുമതി കേന്ദ്രങ്ങളിൽ Quarantine സംവിധാനം ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കും.

### തീറ്റയുടെ ഗുണനിലവാരവും ശുചിത്വവും ഉറപ്പുവരുത്തും

4.6 തീറ്റയുടെ ഗുണനിലവാരവും തീറ്റ ക്രമവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഓരോ മത്സ്യയിനത്തിന്റേയും പോഷകാഹാര ആവശ്യകതയ്ക്കും തീറ്റ ക്രമത്തിനും അനുയോജ്യമായി പ്രത്യേകതരം തീറ്റകൾ ഉറപ്പുവരുത്തും. മത്സ്യതീറ്റ മില്ലുകൾ സ്ഥാപി

ച്ചും ഇത്തരം തീറ്റകൾ വാങ്ങുന്ന കർഷകർക്ക് സബ്സിഡി നൽകിക്കൊണ്ടും ഒരു 'മത്സ്യ പോഷകാഹാര പിന്തുണ പദ്ധതി' ആരംഭിക്കുന്നതാണ്.

4.7 കൃഷിയിടത്തിന്റെ ശുചിത്വവും മത്സ്യരോഗ നിയന്ത്രണവും ഉറപ്പു വരുത്തുന്ന ഒരു 'മത്സ്യ ആരോഗ്യ പരിപാലന പദ്ധതി' നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകൾ സ്ഥാപിക്കും. മത്സ്യവിത്തിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തൽ, രോഗനിർണ്ണയം, ചികിൽസ, രോഗപ്രതിരോധം, മണ്ണിന്റെയും വെള്ളത്തിന്റെയും ഭൗതിക-രാസപരിശോധന, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കൽ എന്നിവ ഇതിലുൾപ്പെടുന്നു. മത്സ്യരോഗങ്ങളെ നേരിടുന്നതിനും മത്സ്യ ആരോഗ്യ പരിപാലനത്തിനും രോഗനിർണ്ണയത്തിനും ബയോടെക്നോളജി, നാനോ ടെക്നോളജി, മോളിക്കുലാർ ബയോളജി എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതാണ്.

**രോഗ നിയന്ത്രണം**

4.8 മത്സ്യരോഗങ്ങളും, രോഗ കാരണങ്ങളും കണ്ടെത്തുന്നതിനുള്ള ഗവേഷണം ത്വരിതപ്പെടുത്തുന്നതാണ്. മത്സ്യ ആരോഗ്യ നിരീക്ഷണ രീതിയും ചികിത്സാ സമ്പ്രദായവും ഏകീകരിക്കുകയും സർവ്വകലാശാലകളുടെയും ഫിഷറീസ് വകുപ്പിന്റെയും ഗവേഷണ കേന്ദ്രങ്ങളുടെയും സംയുക്ത പരിശ്രമങ്ങൾ ഇക്കാര്യത്തിൽ ഉറപ്പാക്കുന്നതുമാണ്. 'Fish disease survellience team' സംസ്ഥാന തലത്തിലും ജില്ലാതലത്തിലും പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതാണ്.

4.9 ജലകൃഷിയിടങ്ങൾ, വിത്തുല്പാദന കേന്ദ്രങ്ങൾ, വിത്ത് പരിപാലന കേന്ദ്രങ്ങൾ എന്നിവയ്ക്ക് രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കും. പൊതു ജലാശയങ്ങളിലെ മത്സ്യത്തിന്റെ നിക്ഷേപം, സംരക്ഷണം, പരിപാലനം, വിളവെടുപ്പ് എന്നിവ സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന ക്രമപ്പെടുത്തുന്നതാണ്. ഓരോ ജലാശയങ്ങളുടെയും വഹനക്ഷമത (carrying capacity) യുടെ അടിസ്ഥാനത്തിൽ ജലകൃഷി പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതാണ്.

**പരിസ്ഥിതി സൗഹാർദ്ദം ഉറപ്പുവരുത്തും**

4.10 'Eco labelling', 'Green Certification' എന്നിവ മത്സ്യകൃഷി മേഖലയിൽ ശൈശവദശയിലാണ്. പരിസ്ഥിതി സൗഹൃദവും സുസ്ഥിരതയും ഉറപ്പാക്കി 'ജൈവ കൃഷി' പ്രോത്സാഹിപ്പിക്കുകയും certification സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.

**കൃഷി രീതികളുമായി ബന്ധിപ്പിക്കും**

4.11 കൃഷി, നീർത്തട സംരക്ഷണപ്രവർത്തനങ്ങളുമായി ജലകൃഷിയെ സംയോജിപ്പിച്ച് സുസ്ഥിര വികസനവും പരസ്പര പൂരകങ്ങളായ സാമൂഹ്യ പാരിസ്ഥിതിക സംവിധാനവും ഉറപ്പുവരുത്തുന്നതാണ്. ലംബവും തിരശ്ചീനവുമായ സംയോജനം ഇന്റഗ്രേറ്റഡ് മൾട്ടി ട്രോഫിക് അപ്രോച്ചിലൂടെ നടപ്പിലാക്കും.

4.12 അതുല്യ ആവാസവ്യവസ്ഥയുള്ള പൊക്കാളി, കോൾ, കൈപ്പാട് പ്രദേശങ്ങളിലെ ഉല്പ്പന്നങ്ങൾക്ക് ഔഷധ ഗുണം, ശുദ്ധമായ ജൈവ പ്രകൃതി, ഭൂമിശാസ്ത്രപരമായ സുചനരജിസ്ട്രി (Geographical indication) എന്നിവയുള്ളതിനാൽ ആഭ്യന്തര-

അന്തർദേശീയ വിപണികളിൽ പ്രിയമേറെയാണ്. പോഷകങ്ങളുടെ പുന:രുജ്ജീവന ത്താൽ പാടശേഖരങ്ങളുടെ ഉദ്പാദനക്ഷമത വളരെ ഉയർന്നതാണ്. ജൈവവളം, ജൈവവസ്തുക്കളുടെ ഉയർന്ന ധാതുവല്ക്കരണം, ഉയർന്ന വായുചംക്രമണം, കളകളുടേയും ആൽഗകളുടെയും ജൈവ നിയന്ത്രണം എന്നിവ മൂലം ഈ കൃഷിരീതി പരിസ്ഥിതി സൗഹൃദമാണ്. ഈ പ്രദേശങ്ങളിലെ അപൂർവ്വ ജനിതക വിഭവങ്ങളെ സംരക്ഷിച്ച് പൈതൃക കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതാണ്.

4.13 മൺസൂൺ കാലത്ത് മാത്രം നെൽകൃഷി ചെയ്യാൻ കഴിയുന്ന പാടങ്ങളിൽ ബാക്കി സമയത്ത് ലവണാംശം കൂടുന്നതനുസരിച്ച് ചെമ്മീൻകൃഷി ചെയ്യാവുന്നതാണ്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ നെൽകൃഷി നടപ്പിലാക്കാൻ കഴിയുമാറ് യന്ത്രവൽക്കരണം അനിവാര്യമാണ്. ഇതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

4.14 താഴ്ന്ന പ്രദേശത്തുള്ള ശുദ്ധജല പാടശേഖരങ്ങളിൽ പ്രത്യേകിച്ച് കുട്ടനാട്ടിൽ ഒരു വിള നെൽകൃഷിയാണ് അനുവർത്തിച്ച് വരുന്നത്. നെൽകൃഷിയിൽ ഏർപ്പെടാൻ കഴിയാത്ത സീസണിൽ മത്സ്യകൃഷി നടപ്പിലാക്കി വരുന്നുങ്കിലും, മത്സ്യങ്ങളുടെ വിപണന വലിപ്പം എത്തുന്നതിനാവശ്യമായ 10 മാസത്തിനു പകരം 6-7 മാസത്തെ വളർച്ചയിലേയ്ക്ക് മത്സ്യകൃഷി പരിമിതപ്പെടുത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ''ഫ്രൈ'' വലിപ്പത്തിലുള്ള മത്സ്യകുഞ്ഞുങ്ങളെ ഉപയോഗിക്കുന്ന നിലവിലെ രീതിയ്ക്ക് വ്യത്യാസം വരുത്തേണ്ടതായിട്ടുണ്ട്. 'ഫിംഗർലിംഗ്സ്' വലിപ്പത്തിലുള്ള മത്സ്യകുഞ്ഞുങ്ങളെ ഉപയോഗിക്കുന്നതിലൂടെ 6-7 മാസത്തിൽ മത്സ്യത്തിനെ വിപണന വലിപ്പത്തിൽ എത്തിക്കാൻ കഴിയുന്നതാണ്. നെൽകൃഷി നടപ്പിലാക്കി വരുന്ന കാലയളവിൽ പാട ത്തിന്റെ രണ്ടു ശതമാനത്തിൽ അധികരിക്കാത്ത ഭാഗം മത്സ്യവിത്തു പരിപാലനത്തിനായി മാറ്റിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതാണ്.

4.15 കർഷകരെ ജലകൃഷിയിലെ നൂതന സാങ്കേതിക വിദ്യകളിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാനസർക്കാർ വഹിക്കും. കർഷകരിലേയ്ക്ക് നൂതന സാങ്കേതിക വിദ്യകളും പ്രയോഗങ്ങളും പ്രചരിപ്പിക്കുന്നതിനായി സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മത്സ്യകൃഷിയിടങ്ങളെ മാതൃകാ കൃഷിയിടങ്ങളായി പരിവർത്തനം ചെയ്യും. ഇവ കർഷകർക്ക് നേരിട്ട് പരിശീലനം നൽകുന്നതിനുള്ള ഇൻകുബേഷൻ സെന്ററുകളായി പ്രവർത്തിക്കും. ഇതിന്റെ ഭാഗമായി ആയിരംതെങ്ങിൽ ഒരു ജല മത്സ്യകൃഷി വികസന കേന്ദ്രവും നെയ്യാറിൽ ശുദ്ധജല മത്സ്യകൃഷി വികസന കേന്ദ്രവും സ്ഥാപിക്കും. കൂടാതെ വിവിധ ജലകൃഷി രീതികൾ ഉൾപ്പെടുന്ന 'പാക്കേജ് ഓഫ് പ്രാക്ടീസ്' തയ്യാറാക്കി പ്രസിദ്ധീകരിക്കും. ജലകൃഷി കൂടുതൽ വികസിച്ച ഇന്ത്യയില്ലേയും വിദേശ രാജ്യങ്ങളിലേയും പ്രദേശങ്ങളിലേക്ക് ഉദ്യോഗസ്ഥരുടെയും കർഷകരുടെയും പഠന യാത്രകൾ സംഘടിപ്പിക്കും.

ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തും

4.16 ഉൾനാടൻ പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്. പൊതു ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് അനുമതി നൽകി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കും. സുരക്ഷിതത്വ മേഖലയിലുൾപ്പെടുന്നത് ഒഴികെയുള്ള എല്ലാ പൊതു ജലാശയങ്ങളേയും അവിടെയുള്ള മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനോപാധി പ്രവർത്തനങ്ങളെ ബാധിക്കാതെ ജലകൃഷിയ്ക്കായി പ്രയോജനപ്പെടുത്തും. വലിയ/ഇടത്തരം റിസർവോയറുകളിൽ മത്സ്യോല്പാദന വർദ്ധനവിനായി പരിസര പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, പട്ടിക വർഗ്ഗ

സഹകരണസംഘങ്ങൾ എന്നിവ മുഖേന മത്സ്യത്തിന്റെ കൂടുകൃഷി വ്യാപിപ്പിക്കും. ഇതിനായി ഓരോ പൊതുജലാശയത്തിലും ഏർപ്പെടുത്താവുന്ന കൂടുകളുടെ എണ്ണം നിജപ്പെടുത്തും.

4.17 മത്സ്യോല്പാദന വർദ്ധനവിനായി കടൽ ജലകൃഷി ലോക ശ്രദ്ധ നേടിക്കൊണ്ടിരിക്കുന്നസാഹചര്യമാണുള്ളത്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുടെ സഹായത്തോടെ കടൽ ജലകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ സർവ്വേ നടത്തി കണ്ടെത്തും. ഇത്തരത്തിൽ കണ്ടെത്തിയ സ്ഥലം കൃഷി ചെയ്യുന്നതിനായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കും മത്സ്യത്തൊഴിലാളി സംഘങ്ങൾക്കും അനുവദിച്ച് നൽകും.

**അലങ്കാര മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കും**

4.18 അലങ്കാര മത്സ്യ വ്യാപാരത്തിന്റെ പ്രമുഖ കേന്ദ്രമാക്കി കേരളത്തെ മാറ്റും. തദ്ദേശീയ അലങ്കാര മത്സ്യയിനങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതുവഴി സ്ത്രീകൾക്കും താഴ്ന്ന വരുമാനക്കാർക്കും തൊഴിൽ അവസരങ്ങളും വരുമാന സാദ്ധ്യതയും ഉറപ്പുവരുത്തും. തദ്ദേശീയ അലങ്കാര മത്സ്യ ഇനങ്ങളുടെ പ്രജനനം, മൂല്യവർദ്ധനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ വികസിപ്പിക്കും.

4.19 വാണിജ്യ പ്രാധാന്യമുള്ള സമുദ്ര അലങ്കാര മത്സ്യങ്ങളുടെ വിത്തുല്പാദനത്തിനുള്ള സാങ്കേതിക സഹായത്തോടെ പൊതുമേഖലയിൽ വിത്തുമത്സ്യബാങ്കും (Brood bank) സ്വയം സഹായ ഗ്രൂപ്പുകൾക്ക് സമുദ്ര അലങ്കാര മത്സ്യോല്പാദന യൂണിറ്റും ക്ലസ്റ്റർ സമീപനത്തിലൂടെ നടപ്പിലാക്കും.

4.20 അന്തർദേശീയ മാർക്കറ്റുകളിൽ നിന്നും ഗുണനിലവാരമുള്ള വിദേശ-അലങ്കാര മത്സ്യങ്ങളെ ഇറക്കുമതി ചെയ്ത്, ഉല്പാദനം വർദ്ധിപ്പിച്ച് ആഭ്യന്തര ആവശ്യങ്ങൾക്കും കയറ്റുമതിക്കും വേണ്ട നടപടികൾ സ്വീകരിക്കും.

**ധനസഹായം ഉറപ്പുവരുത്തും**

4.21 ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സഹായം കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കും. ജലകൃഷിയെ കാർഷിക മേഖല യോടൊപ്പം പരിഗണിച്ച് കർഷകർക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനിടപെടും. വിത്തുല്പാദന കേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും കാർഷിക നിരക്കിൽ വൈദ്യുതി ലഭ്യതയ്ക്ക് മുൻഗണന നൽകും.

4.22 വിളനഷ്ടം മൂലം ദുരിതത്തിലായ കർഷകർക്ക് വീണ്ടും കൃഷി ചെയ്യുന്നതിനുള്ള സഹായം നൽകുന്നതിനായി വിളഗ്യാരണ്ടി ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും. ജലകൃഷിയിടങ്ങളിലെ മോഷണം നടത്തുന്നവർക്ക് ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മത്സ്യ കർഷക ക്ലബുകൾ വഴി ജലകൃഷി പ്രവർത്തനങ്ങൾ സുസ്ഥിരമായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

**സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തും**

4.23 വിദൂര സംവേദനം (Remote Sensing), ഭൂമിശാസ്ത്രപരമായ വിവര സംവിധാനം (GIS) എന്നിവയുടെ സഹായത്തോടെ ജലസ്രോതസ്സുകളുടെ സമഗ്രമായ ഉപയോഗത്തി നായി വിഭവ ഭൂപട രൂപീകരണം (Resource mapping) നടപ്പിലാക്കും. ജലകൃഷിയുമായി ബന്ധപ്പെട്ട വിവരശേഖരണവും, ഡേറ്റാ ബേസും തയ്യാറാക്കി പ്രസിദ്ധീകരിച്ച് പ്രാദേശിക

തലത്തിലുള്ള ജലകൃഷി മാസ്റ്റർ പ്ലാൻ തയ്യാറാക്കും. ജലാശയങ്ങളുടെ പ്രാദേശിക തലത്തിലുള്ള സർവ്വേ നടത്തി വിശദമായ ഭൂപടങ്ങൾ തയ്യാറാക്കും. കൂടുകളിലെ മത്സ്യകൃഷി, വളപ്പ്കൃഷി, ചിപ്പികൃഷി, കക്കകൃഷി എന്നിങ്ങനെയുള്ള വിവിധ ജലകൃഷി രീതികൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ ഈ ഭൂപടത്തിൽ പ്രത്യേകം അടയാളപ്പെടുത്തും.

**വിവിധ ഏജൻസികളുടെ പ്രവർത്തനം ശക്തിപ്പെടുത്തും**

4.24 ജലകൃഷി മേഖലയിൽ വിവിധ ഏജൻസികൾ പ്രവർത്തിക്കുന്നതിനാൽ ചുമതല കൾക്കും ഉത്തരവാദിത്വങ്ങൾക്കും വ്യക്തത വരുത്താൻ എല്ലാ സർക്കാർ ഫാമുകളും വിത്തുല്പാദനകേന്ദ്രങ്ങളും അഡാക്കിന്റെ കീഴിൽ കൊണ്ടുവരും.അഡാക്കും, 14 FFDAകളും പുന: സംഘടിപ്പിക്കുന്നതോടൊപ്പം ആവശ്യമായ സാങ്കേതിക ഉദ്യോഗസ്ഥരെ നിയമിച്ച് ശാക്തീകരിക്കും.

4.25 മത്സ്യകർഷക വികസന ഏജൻസി (FFDA) ജില്ലകളിൽ ജലകൃഷി വ്യാപന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും. സംസ്ഥാന മത്സ്യവകുപ്പിലൂടെ ജലകൃഷി പ്രവർത്തനങ്ങളുടെ നിയന്ത്രണവും ക്രമീകരണവും നടപ്പിലാക്കും. ജലകൃഷി വികസനത്തിൽ സംസ്ഥാന സർക്കാരിന് സാങ്കേതിക ഉപദേശം നൽകുന്നതിനായി സംസ്ഥാനതല ജലകൃഷി ഉപദേശക ബോർഡ് (SAAB) രൂപീകരിക്കും.

4.26 ജീവനുള്ള മത്സ്യങ്ങളുടെ വിപണനത്തെ (Live fish marketing) പ്രോത്സാഹിപ്പിക്കുന്നതിന് മുഖ്യ പരിഗണന നൽകും. പ്രധാന നഗരങ്ങളിൽ ജീവനുള്ള മത്സ്യം വിപണനം ചെയ്യുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കും.

## അധ്യായം V

## വിപണന മാർക്കറ്റിംഗ് സംവിധാനം

5.1 മത്സ്യമേഖലയിലെ വിതരണ ശൃംഖല ശരിയായ രീതിയിൽ കൊണ്ടുപോകുക എന്നത് പ്രധാനമാണ്. മത്സ്യബന്ധനയാനം മുതൽ മത്സ്യമാർക്കറ്റ് വരെ നീളുന്ന വിതരണ ശൃംഖലയിൽ, പിടിക്കപ്പെടുന്ന മത്സ്യത്തിന്റെ ഏകദേശം 18% വരെ നഷ്ടമാകുന്നു. ഇത് പരിഹരിക്കുന്ന വിധം പിടിച്ചെടുക്കുന്ന മത്സ്യം ശുചിത്വത്തോടെ കൈകാര്യം ചെയ്ത് ഗുണനിലവാരം ഉറപ്പുവരുത്തി ഗുണഭോക്താവിന്റെ അടുക്കൽ എത്തുന്നതു വരെ ശീതീകരണ ശൃംഖല (cold chain) സംവിധാനം ഒരുക്കുന്നതാണ്.

**ശീതീകരണ സംവിധാനങ്ങൾ**

5.2 പൊതുമേഖലയിലുള്ള ഐസ് പ്ലാന്റുകൾ, ശീതികരണശാലകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ആധുനികവൽക്കരിച്ച് നന്നായി പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യ ത്തൊഴിലാളി സഹകരണസംഘങ്ങൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ മുൻഗണ നാക്രമത്തിൽ പാട്ട വ്യവസ്ഥയിൽ കൈമാറുന്നതാണ്.ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, സംസ്ക്കരണ കേന്ദ്രം, പരിവഹന സൗകര്യം തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ വ്യവസ്ഥപ്പെടുത്തുന്നതാണ്.

5.3 ശീതികരണ ശാലകളുടെ ഉപയോഗിക്കപ്പെടാത്ത സംഭരണശേഷി പ്രയോജനപ്പെടുത്തുന്നതിനായി സ്വകാര്യമേഖലയുടെയും പൊതുമേഖലയുടെയും സഹകരണത്തോടെ മത്സ്യ ത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം ഹ്രസ്വകാലത്തേക്ക്

ശീതികരിച്ചു സൂക്ഷിക്കുന്ന തിനായി പ്രയോജനപ്പെടുത്തും.പ്രകൃതിക്ഷോഭം മൂലമോ മറ്റോ അടിയന്തിര വിളവെടുപ്പ് നടത്തേണ്ടിവരുമ്പോഴും ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

**ഗുണനിലവാരം ഉറപ്പുവരുത്തൽ**

5.4 നിരോധിച്ചതോ ദോഷകരമായതോ ആയ വസ്തുക്കൾ മത്സ്യത്തിൽ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തും. മത്സ്യങ്ങളിൽ ഹാനികരമായ രാസപദാർത്ഥങ്ങൾ ഉണ്ടോയെന്ന് കണ്ടുപിടിക്കാൻഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുകയും പ്രസ്തുത ഉദ്യോഗസ്ഥർ ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതുമാണ്.

5.5 മത്സ്യത്തിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിനും ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കുന്നതിനും മത്സ്യോല്പന്നത്തിന്റെ ഗുണനിലവാര സാക്ഷ്യപത്രം നൽകുന്നതിനുമുളള നടപടികൾ സ്വീകരിക്കുന്നതാണ്.

**വിതരണത്തിനുള്ള സംവിധാനം**

5.6 ഇപ്പോഴുള്ള മത്സ്യവിപണന സംവിധാനം പുനഃസംഘടിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് ന്യായവിലയും ഉപഭോക്താവിന് ഗുണമേന്മയുള്ള മത്സ്യവും ഉറപ്പ് വരുത്തുന്നതാണ്. മത്സ്യലേലത്തിലെ ചൂഷണത്തിൽ നിന്നും, മത്സ്യത്തൊഴിലാളിയെ മോചിപ്പിയ്ക്കും. ഇതിനായി മത്സ്യലേലം, വിപണനം, ഗുണനിലവാരം എന്നിവ നിയന്ത്രിക്കുന്ന നിയമം രൂപീകരിച്ച് നടപ്പിലാക്കും.

5.7 നിലവിലെ മത്സ്യ മാർക്കറ്റുകൾ ആധുനികവത്ക്കരിയ്ക്കും. മത്സ്യത്തൊഴിലാളി സ്ത്രീകൾ മത്സ്യ വിപണനത്തിൽ ഏർപ്പെടുന്നയിടങ്ങളിൽ ശൗചാലയം, വിശ്രമ സ്ഥലം എന്നിവ ഉൾപ്പെടുത്തി 'സ്ത്രീ സൗഹൃദ മത്സ്യ മാർക്കറ്റുകൾ' ആരംഭിക്കും

**മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കും**

5.8 മത്സ്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. Ready to cook, Ready to eat എന്നീ മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഗ്രൂപ്പുകൾ മുഖേന തയ്യാറാക്കി വിവിധ സൂപ്പർ മാർക്കറ്റ് ശൃംഖലകളിലൂടെ വിപണനം നടത്തും. ഇത്തരം ഉല്പന്നങ്ങൾക്ക് പ്രത്യേക ബ്രാൻഡിംഗ് ഏക്കപ്പെടുത്തും.

5.9 ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതികളിലുള്ള വ്യത്യാസത്തിനനുസരിച്ച് ഉപഭോക്തൃ സ്വീകാര്യതയിലും മാറ്റങ്ങൾ ഉണ്ടാകുന്നു. പ്രസ്തുത മാറ്റങ്ങൾ കണക്കാക്കുന്നതിനായി ഇപ്പോഴത്തെ മത്സ്യ ഉപഭോഗം, ഭാവിയിലെ ആവശ്യകത എന്നിവ പഠന വിധേയമാക്കും.

## അധ്യായം VI

## മത്സ്യബന്ധനതുറമുഖങ്ങൾ

6.1 മത്സ്യബന്ധനത്തിന് ഏറെ അനിവാര്യമായ ഒന്നാണ് ഫിഷ്‌ലാന്റിംഗ് സെന്ററുകൾ. ഒരോ പ്രദേശത്തിന്റെയും സവിശേഷതകൾ പരിഗണിച്ച് ഇത്തരം സെന്ററുകൾ ആവിഷ്ക്കരിക്കുന്നതാണ്. അവയുടെ പരിപാലനവും നിർമ്മിതിയും മുൻഗണനാക്രമത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

6.2 നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങൾ സമ്പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും. സമഗ്രമായ കോസ്റ്റൽ മാനേജ്മെന്റ് പ്ലാനിന്റെ ഭാഗമായിട്ടായിരിക്കും പുതിയ ഹാർബറുകൾക്ക് അംഗീകാരം നൽകുക. പ്രസ്തുത ഹാർബറുകളുടെ രൂപകല്പന തീരശോഷണം ഉണ്ടാകാത്ത രീതിയിലാണെന്ന് ഉറപ്പ് വരുത്തുന്നതാണ്.

6.3 ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയും അവയെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡുകളും വികസിപ്പിക്കുകയും ഗുണ നിലവാരത്തോടുകൂടി സംരക്ഷിക്കുകയും ചെയ്യും.

6.4 ആവശ്യമായ ഗുണനിലവാരവും, ശുചിത്വവും പാലിക്കുന്ന തരത്തിൽ നിലവിലുള്ള തുറമുഖങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

6.5 മത്സ്യബന്ധന തുറമുഖങ്ങളുടെ ആഴം നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മത്സ്യബന്ധന യാനങ്ങളുടെ സുരക്ഷയ്ക്കും മത്സ്യത്തൊഴിലാളികൾ നേരിടേണ്ടിവരുന്നഅത്യാഹിതങ്ങൾ കുറയ്ക്കുവാനും ദീർഘകാല മെയ്ന്റനൻസ് കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ പരിഗണിയ്ക്കുന്നതാണ്.

6.6 മത്സ്യബന്ധന തുറമുഖങ്ങളുടെയും ഫിഷ്‌ലാന്റിങ്ങ് സെന്ററുകളുടെയും മെച്ചപ്പെട്ട നടത്തിപ്പിനായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മത്സ്യ തൊഴിലാളി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതാണ്.

6.7 തുറമുഖ നിർമ്മാണവും നവീകരണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസ വ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് അനുയോജ്യമായ പുനരധിവാസവും മതിയായ നഷ്ടപരിഹാരവും ഉറപ്പാക്കും.

## അധ്യായം VII

# മത്സ്യത്തൊഴിലാളി വികസനം

7.1 സാക്ഷരതയിലും ആയുർദൈർഘ്യത്തിലും സ്ത്രീ-പുരുഷ അനുപാതത്തിലും ശിശുമരണ നിരക്കിലും പൊതുസമൂഹത്തെ അപേക്ഷിച്ച് വളരെ പിറകിലാണ് മത്സ്യമേഖലയുടെ സ്ഥാനം. ഭൂരാഹിത്യത്തിന്റെയും പാർപ്പിടമില്ലായ്മയുടെയും കുടിവെള്ള ദൗർബല്യത്തിന്റെയും ശുചീകരണത്തിന്റെയും പ്രശ്നങ്ങൾ ഈ മേഖല അനുഭവിക്കുന്നുണ്ട്.

7.2 കേരളത്തിലെ ഏറ്റവും പ്രയാസമനുഭവിക്കുന്ന ജനവിഭാഗമെന്ന നിലയിൽ മത്സ്യതൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക പ്രധാനമാണ്. അതിനുതകുന്നവിധത്തിലുള്ള സമഗ്രമായ പദ്ധതികൾ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നിർവഹിക്കുന്നുണ്ട്. അതോടൊപ്പം തന്നെ മത്സ്യതൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിക്കും.

**മത്സ്യതൊഴിലാളി അവകാശ സംരക്ഷണ നിയമം നടപ്പിലാക്കും**

7.3 മത്സ്യസമ്പത്ത്, തീരക്കടൽ, തീരപ്രദേശം, മത്സ്യബന്ധന ഉപാധികൾ, കായലുകൾ എന്നിവയ്ക്ക് മേൽ മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമംനടപ്പിലാക്കും.

**പലിശരഹിത വായ്പ ഉറപ്പുവരുത്തും**

7.4 സജീവ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങളും പ്രവർത്തന മൂലധനവും സ്വായത്തമാക്കുന്നതിന് ആവശ്യമായ പലിശ രഹിത വായ്പാ സൗകര്യം

സഹകരണ മേഖലയിലൂടെ നല്കുന്നതാണ്. ഇതിലൂടെ മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകളാക്കാനും, നിലവിലുള്ള അമിതപ്പലിശ സംവിധാനത്തെ തടയാനും കഴിയുന്നതാണ്.

7.5 കാലാവസ്ഥയിൽ ഉണ്ടാകുന്ന തീവ്രമായ വ്യതിയാനങ്ങളായ കൊടുങ്കാറ്റ്, തിരയിളക്കം എന്നിവയെ പ്രകൃതിദുരന്തങ്ങളായി കണക്കാക്കി ഇവമൂലം തൊഴിൽ ദിനം നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനായി സഹായം നൽകും. കടലിൽ മത്സ്യത്തൊഴിലാളികൾക്ക് ജീവൻ നഷ്ടമായാൽ നഷ്ടപരിഹാരത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ന്യായമായ സമയത്തിനുള്ളിൽ ആശ്രിതർക്കുള്ള ആനുകൂല്യം ലഭ്യമാക്കും.

**ഉപജീവനത്തിനുള്ള വിവിധ പദ്ധതികൾ കൊണ്ടുവരും**

7.6 മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവജനങ്ങൾക്ക് വിദഗ്ദ്ധപരിശീലനവും ധനസഹായവും നല്കി ഇതര മേഖലകളിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

7.7 മത്സ്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങളിൽ 66 ശതമാനവും സ്ത്രീകളാണ്. മത്സ്യമേഖലയിലെ സ്തീകളെ ശാക്തീകരിക്കുന്നതിനും ഇതര ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

7.8 മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളിലെ കുറവ് പരിഹരിക്കാൻ തീരങ്ങളുടെ വൃത്തിയാക്കൽ, തീരസംരക്ഷണത്തിനായി കണ്ടൽ/മരങ്ങൾ വച്ചുപിടിപ്പിക്കൽ, ജലാശയങ്ങൾ വൃത്തിയാക്കൽ, സംരക്ഷണ ബണ്ടുകളുടെ നിർമ്മാണം എന്നിവ കൂടി തൊഴിലുറപ്പു പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

7.9 വിദ്യാർത്ഥികളേയും യുവജനങ്ങളേയും കായിക മേഖലയിലേക്ക് തിരിച്ച് വിടുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യവും വിദഗ്ദ്ധ പരിശീലനവും നല്കും. വിവിധ മത്സര പരീക്ഷകൾക്കായി മത്സ്യത്തൊഴിലാളി സമൂഹത്തിലെ യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നല്കും.

7.10 തീരദേശത്ത് സാക്ഷരത ഉയർത്തുന്നതിന് മുഖ്യപരിഗണന നൽകും. മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവത്ക്കരണം സംഘടിപ്പിക്കും. ഇതിനായി കമ്മ്യൂണിറ്റി മോട്ടിവേറ്റർമാരെ നിയോഗിക്കുന്നതാണ്.

**വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ**

7.11 ഫിഷറീസ് വിഷയങ്ങളിലെ ഹയർ സെക്കറി, പ്രൊഫഷണൽ ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പഠനങ്ങൾക്ക് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സീറ്റ് സംവരണം നല്കും. ഫിഷറീസ് ബിരുദ കോഴ്സുകളിൽ നിശ്ചിത ശതമാനം വൊക്കേഷണൽ ഹയർ സെക്കറി (ഫിഷറീസ്) വിദ്യാർത്ഥികൾക്ക് സംവരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കും.

7.12 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ 'മികവിന്റെ കേന്ദ്രം' ആക്കി മാറ്റുന്നതിനും എല്ലാ ഫിഷറീസ് സ്കൂളുകളിലും ഫിഷറീസ് വിഷയങ്ങളിൽ വൊക്കേഷണൽ ഹയർ സെക്കറി വിദ്യാഭ്യാസം കൂടി ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

7.13 മത്സ്യഗ്രാമങ്ങളിലെ ഭൂഗർഭ ജലത്തിൽ ഉപ്പ്, കോളിഫോം ബാക്ടീരിയ, ഇരുമ്പ് എന്നിവയുടെ സാന്നിദ്ധ്യം അധികമായതിനാൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. എല്ലാ മത്സ്യ ഗ്രാമങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കും.

7.14 തീരപ്രദേശത്ത് തദ്ദേശ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ മാലിന്യ നിർമ്മാർജ്ജനം ഉറപ്പാക്കും. താഴ്ന്ന പ്രദേശത്തുള്ള മുഴുവൻ ടോയ്‌ലറ്റുകൾക്കും അനുയോജ്യമായ സെപ്റ്റിക് ടാങ്കുകൾ ഏർപ്പെടുത്തും. തീരദേശമേഖലയെ മാലിന്യമുക്തമാക്കുന്നതിനായി സംവിധാനം ഏകപ്പെടുത്തും.

**സുരക്ഷിതവാസം ഉറപ്പുവരുത്തും**

7.15 മത്സ്യത്തൊഴി ലാളികളെ അവർ ആഗ്രഹിക്കുന്ന പക്ഷം കടൽതീരത്ത് നിന്നും 200 മീറ്റർ അകലത്തിൽ സുരക്ഷിത സ്ഥാനത്തേക്ക് പുനരധിവസിപ്പിക്കുന്നതാണ്.

**ആരോഗ്യ സംവിധാനം ഉറപ്പുവരുത്തും**

7.16 തീരപ്രദേശത്തെ ആരോഗ്യ കേന്ദ്രങ്ങളെ 'കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ' ആയി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

7.17 മദ്യപാനം/മയക്കുമരുന്ന് എന്നിവയിൽ നിന്നും മത്സ്യത്തൊഴിലാളികളെ മുക്തരാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

**സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തും**

7.18 നിലവിലുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് ഓരോ മത്സ്യഗ്രാമത്തിലും പ്രവർത്തനക്ഷമമായ ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘമെങ്കിലുംഉണ്ടെന്ന് ഉറപ്പുവരുത്തും. എല്ലാ സജീവ മത്സ്യത്തൊഴിലാളികളെയും ഫിഷറീസ് സഹകരണ സംഘങ്ങളുടെ കുടക്കീഴിൽ കൊണ്ടുവരും. പുനരുജ്ജീവിപ്പിക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതാണ്.

**സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കും**

7.19 മത്സ്യ വിപണന മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് മാർക്കറ്റുകളിൽ കുടി വെള്ളം, ശൗചാലയം, വിശ്രമസൗകര്യങ്ങൾ, ശീതസംഭരണ സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തും. മത്സ്യവിപണന സംസ്കരണ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാ ളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

## അധ്യായം VIII

# വിജ്ഞാനവ്യാപനം, മാനവ വിഭവശേഷി വികസനം, ഭരണപരിഷ്ക്കരണം

8.1 ശാസ്ത്രസാങ്കേതിക രംഗത്തെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് മറ്റു പല രാജ്യങ്ങളിലും മത്സ്യബന്ധനമേഖല മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഈ വസ്തുത കണക്കിലെടുത്ത് ലോകത്തെമ്പാടും ഈ രംഗത്തുണ്ടായിട്ടുള്ള പുരോഗതിയെ ഉപയോഗ പ്പെടുത്തി മുന്നോട്ടുപോകുന്നതിനുള്ള സമീപനം സർക്കാർ സ്വീകരിക്കും.

8.2 വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവ വികസിപ്പിച്ച് ഫിഷറീസ് മേഖലയിലെ സർക്കാരിന്റെ പ്രവർത്തനങ്ങൾ മത്സ്യത്തൊഴിലാളികൾക്കും മത്സ്യ കർഷകർക്കും പൊതുജനങ്ങൾക്കും എളുപ്പത്തിൽ ലഭ്യമാക്കും.

8.3 ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികൾക്കും ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനം ഏർപ്പെടുത്തും. ഫിഷറീസ് മേഖലയിലെ വിവിധ സേവനങ്ങളും പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതാണ്.

8.4 സമുദ്ര മേഖലയിലും ഉൾനാടൻ മേഖലയിലും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ കണക്കെടുപ്പ്, മത്സ്യബന്ധന ഉപകരണങ്ങളുടെ സർവ്വേ, മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക വിവരശേഖരണം എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതാണ്. ഇതിനെ അടിസ്ഥാനമാക്കി സമയാസമയങ്ങളിൽ വിവരങ്ങൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കും.

8.5 ഒൻപതാം പദ്ധതികാലത്ത് അനുവദിച്ച 100 മത്സ്യഭവനുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്. കൂടാതെ ഉൾനാടൻ മേഖലയിൽ 100 മത്സ്യഭവനുകൾ കൂടി പുതുതായി സ്ഥാപിക്കുന്നതാണ്.

8.6 മത്സ്യതൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ, ബോട്ടുടമകൾ, ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞൻമാർ, സന്നദ്ധ സംഘടനകൾ തുടങ്ങിയ മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തോടുകൂടി പങ്കാളിത്ത വിഭവ മാനേജ്മെന്റ് നയങ്ങളും കർമ്മപരിപാടികളും ആവിഷ്കരിക്കും. പ്രാദേശിക, ജില്ല, സംസ്ഥാന തലങ്ങളിൽ മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപം നൽകും.

**പരിശീലനം ഉറപ്പുവരുത്തും**

8.7 ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഇൻഡക്ഷൻ ട്രയിനിംഗ്, പീരിയോഡിക് റിഫ്രഷ്മെന്റ് ട്രയിനിംഗ്, വിഷയാധിഷ്ഠിത ട്രയിനിംഗ് എന്നിവ ഉറപ്പുവരുത്തുന്നതാണ്. സർവ്വകലാശാലകൾ, ദേശീയ അന്തർദേശീയ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ഉചിതമായ മാനവ വിഭവ ശേഷി വികസന പരിപാടികളിലൂടെ വകുപ്പിലെ സാങ്കേതിക വിഭാഗത്തിനെ ശക്തിപ്പെടുത്തും.

8.8 ഉദ്യോഗസ്ഥരുടെ നിർബന്ധിത പരി ശീലന പരിപാടിയുടെ കാലയളവ്ദീർഘിപ്പിച്ച് കരിക്കുലം കാലോചിതമായി പരിഷ്കരിക്കുന്നതാണ്.

8.9 സാങ്കേതിക തസ്തികകളിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.വിവിധ സാമൂഹിക-സാങ്കേതിക സഹായങ്ങൾ കാര്യക്ഷമമായും വേഗത്തിലും ഗുണഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കും. അതിലൂടെ സംസ്ഥാനത്ത് സുസ്ഥിര മത്സ്യോല്പാദനം സാധ്യമാകും.

8.10 ഫിഷറീസ് വകുപ്പ്, തുറമുഖഎൻജിനീയറിംഗ് വകുപ്പ്, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡവലപ്മെന്റ് (മത്സ്യഫെഡ്), കേരള ഫിഷർമെൻ വെൽഫയർ ഫണ്ട്ബോർഡ് (KFWFB), സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC), ജലകൃഷി വികസന ഏജൻസി (ADAK), സംസ്ഥാന ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA), സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (SAF), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് (NIFAM), കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (KUFOS) എന്നിവയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമായി

നിർവചിക്കും. പ്രവർത്തന മേഖലയുടെ വ്യക്തമായ വേർതിരിക്കൽ, ലഭ്യമായ മാനവ വിഭവശേഷിയും സമയവും പാഴാകുന്നത് ഒഴിവാക്കും. സമാന സ്വഭാവമുള്ള സംവിധാനങ്ങൾ, സംയോജിപ്പിക്കുകയോ പ്രവർത്തനങ്ങൾ പുനസംഘടിപ്പിക്കുകയോ ചെയ്യുന്നതാണ്.

**അക്കാദമിക് രംഗത്തെ ഇടപെടൽ**

8.11 ഗവേഷണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക വിദ്യകൾ മത്സ്യ കർഷകർ, മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് ഉതകുമാറ് ഫിഷറീസ് വകുപ്പിന്റെ കീഴിൽ Adaptive Research നുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്.

8.12 അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ച് ഫിഷറീസ് & ഓഷൻസ്റ്റഡീസ് സർവ്വകലാശാലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തും. സർവ്വകലാശാലയുടെ കീഴിൽ ഫിഷറീസ് സയൻസ്, ഓഷ്യൻ സ്റ്റഡീസ്, എന്നീ വിഷയങ്ങളിലെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് വെവ്വേറെ ഫാക്കൽറ്റികളെ ഫലപ്രദമായി ഏർപ്പെടുത്തും. സർവ്വകലാശാലയുടെ കീഴിൽ നേരിട്ട് പുതിയ ഫിഷറീസ് കോളേജുകളും, ഓഷ്യൻസ്റ്റഡീസ് സ്ക്കൂളുകളും സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

8.13 പാഠ്യ പദ്ധതിയിൽ തൊഴിൽ നൈപുണ്യത്തിന് കൂടുതൽ പ്രാധാന്യം നൽകി പരിഷ്ക്കരിക്കും. അതിലൂടെ മത്സ്യമേഖലയുടെയും സമുദ്രമേഖലയുടെയും വികസനത്തിന് ഉതകുന്ന പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനും നടപടികൾ സ്വീകരിക്കും.ഇപ്രകാരം സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ പുന:സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിയമ പരിഷ്ക്കരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

*******